
marggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# The singing style of Syro Malabar liturgy
## സീറോ മലബാർ സഭയുടെ ആരാധന ക്രമാലാപനം
## (Liturgical Chant)




AUDIO BOOK

VIDEO BOOK

PDF DOWNLOAD

FLIP BOOK

| | |
|---|---|
| Call Number | RR-894 |
| Title | The singing style of Syro Malabar liturgy<br>സീറോ മലബാർ സഭയുടെ ആരാധന ക്രമാലാപനം<br>(Liturgical Chant) |
| Topic | ➢ ആരാധന ക്രമാലാപനം -സ്വഭാവം<br>➢ ആരാധന ക്രമത്തിന്റെ പ്രയോജനങ്ങൾ<br>➢ ആരാധന ക്രമാലാപന പാരമ്പര്യം<br>➢ സീറോ മലബാർ സഭയും ആരാധനാക്രമലാപനവും<br>➢ ആരാധന സമൂഹവും ഗായക സംഘവും<br>➢ ആരാധന ക്രമാനുഭവം സഭയുടെ വിശ്വാസാനുഭവം |
| Author | Malpan Dr. Mathew Vellanickal |
| Publisher/Year | Malpan Dr. Mathew Vellanickal/2017 |
| Printed at | WiGi Printers Kottayam |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | |
| Key Words | Malpan Dr. Mathew Vellanickal, Syro Malabar Church, Syro Malabar liturgy |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സീറോമലബാർസഭയുടെ ആരാധനക്രമാലാപനം

## (ലിറ്റർജിക്കൽ ചാന്റ്)

മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സീറോമലബാർസഭയുടെ ആരാധനക്രമാലാപനം: ഒരാമുഖം

## (ലിറ്റർജിക്കൽ ചാന്റ്)

മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ

### ആമുഖം

സീറോമലബാർസഭയ്ക്ക് അതിന്റേതായ ആരാധനക്രമാലാപനം ഉണ്ടാകണമെന്നുള്ള സിനഡുപിതാക്കന്മാരുടെ ചിരകാലാഭിലാഷം ഫലമണിയുകയാണല്ലോ. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽവച്ചു നടത്തിയ സീറോ മലബാർ മെത്രാന്മാരുടെ ഇരുപത്തി അഞ്ചാമത്തെ സിനഡ് (2017 ജനുവരി 9-14) അംഗീകരിച്ച ആരാധനക്രമാലാപന



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മാണ് ഇപ്പോൾ സി.ഡി. ആയി പ്രസിദ്ധീകരിക്കുന്നത്. ഇതിന്റെ സംഗീതസ്വരചിഹ്നങ്ങളും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നുണ്ട്. ആരാധനക്രമാലാപനത്തെക്കുറിച്ച് സഭാംഗങ്ങളെല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ ചില കാര്യങ്ങൾ ഇതോടൊപ്പം ആമുഖമായി കൊടുക്കുന്നു.

**1. ആരാധനക്രമാലാപനം: സ്വഭാവം**

സഭയുടെ ആരാധനക്രമത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ, വസ്ത്രങ്ങൾ, പ്രാർത്ഥനകൾ തുടങ്ങിയവയെല്ലാം ആരാധനക്രമാഘോഷത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നവയാണ്. അതുപോലെ ആരാധനക്രമാലാപനവും ആരാധനാക്രമാഘോഷത്തിൽമാത്രം ഉപയോഗിക്കേണ്ട ഒന്നാണ്. അത് മറ്റു സംഗീതങ്ങളിൽനിന്നെല്ലാം വ്യത്യസ്തമാണ്. അതുകൊണ്ട് അതിന്റെ പ്രത്യേകതകൾ നാം അറിഞ്ഞിരിക്കണം. എങ്കിൽമാത്രമേ സഭയുടെ ആരാധനക്രമത്തിൽ ഉചിതമായി സംബന്ധി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ക്കുവാൻ നമുക്കു കഴിയുകയുള്ളു. കൃത്യ മായി പറഞ്ഞാൽ 'ആലാപനം' (ചാന്റ്) എന്നു പറഞ്ഞാൽ 'മനുഷ്യസ്വരം' മാത്രമാണ് ഉദ്ദേശിക്കുക. അത് തനിയെയോ, സമസ്വര പ്പെടുത്തിയോ ആകാം. വ്യാപകാർത്ഥത്തിൽ അത് സംഗീതോപകരണങ്ങളോടുകൂടിയ ആലാപനത്തിനും ഉപയോഗിക്കാം. കാരണം, സംഗീതോപകരണങ്ങൾ മനുഷ്യസ്വരത്തിന നുസൃതവും മനുഷ്യസ്വരത്തോടു ബന്ധപ്പെ ട്ടവയുമാണ്. മനുഷ്യസ്വരമാണ് ആദ്യ ത്തെയും ഏറ്റം പൂർണതയുള്ളതുമായ സംഗീതോപകരണം - ദൈവത്തിന്റെ കരവേല.

## 1.1. ആരാധനക്രമാലാപനം: നാലു വിധം

നാലു വിധത്തിൽ ആരാധനക്രമാലാ പനത്തെ തിരിക്കാം:

1. ശുദ്ധമായ മനുഷ്യസ്വരം: സംഗീതോപക രണങ്ങളൊന്നുമില്ലാതെ മനുഷ്യസ്വര ത്തിൽ മാത്രം നടത്തുന്ന ആലാപനം.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യോഗിക്കുന്ന മാദ്ധ്യമങ്ങൾ ആരാധനക്രമ പ്രാർത്ഥനകൾക്ക് ഉപയോഗിക്കുവാൻ പാടില്ല.

## 2. ആരാധനക്രമാലാപനത്തിന്റെ പ്രയോജനങ്ങൾ

ആരാധനക്രമാലാപനം പ്രാർത്ഥനയെ കൂടുതൽ ആസ്വാദ്യകരമാക്കിത്തീർക്കുകയും മനുഷ്യമനസ്സുകളെയും ഹൃദയങ്ങളെയും ഒന്നിപ്പിക്കുകയും ചെയ്യുന്നു. ആരാധനക്രമ ശുശ്രൂഷകൾക്ക് ആഘോഷമായ പരിവേഷം നല്കുകയും ആരാധനാസമൂഹത്തെ സജീവമായി ശുശ്രൂഷയിൽ പങ്കെടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഇപ്രകാരം ആരാധനക്രമത്തെ സജീവമാക്കുക എന്ന പൊതുവായ കാര്യത്തോടൊപ്പം എടുത്തു പറയേണ്ട ചില പ്രത്യേകതകളുമുണ്ട്.

### 2.1. ശുശ്രൂഷാപരം

ആരാധനക്രമാലാപനം ആരാധനാസമൂഹത്തെ ശുശ്രൂഷാക്രമപ്രകാരം അണിനിര



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൾക്കും കൂടുതൽ ആസ്വാദ്യകരമാക്കുവാൻ ആരാധനക്രമാലാപനം സഹായിക്കും.

## 2.5. ഏകോപനപരം

വിവിധ രൂപഭാവങ്ങളുള്ള കർമ്മങ്ങളും വിവിധ രീതികളിലുള്ള പ്രാർത്ഥനകളും ചേർന്നാണല്ലോ ആരാധനക്രമം രൂപംകൊള്ളുന്നത്. അവയെയെല്ലാം ഒന്നിപ്പിച്ച് ഒരു ആരാധനയായി, ഒരു ശുശ്രൂഷയാക്കി മാറ്റുവാൻ ആരാധനക്രമാലാപനം സഹായിക്കുന്നു. മിശിഹായുടെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ്. എല്ലാവരെയും എല്ലാറ്റിനെയും ഒന്നിപ്പിക്കുന്നത്. നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന ദൈവജനം അവിടുത്തെ പൗരോഹിത്യശുശ്രൂഷയിൽ ഒന്നിക്കുന്ന ഒരു അനുഭവമാണ് ആരാധനക്രമാലാപനം നല്കുന്നത്.

## 3. ആരാധനക്രമാലാപനപാരമ്പര്യം

കത്തോലിക്കാസഭയുടെ ആരാധനക്രമത്തിൽ ആരാധനക്രമത്തിന്റെ വ്യത്യസ്ത



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പാരമ്പര്യങ്ങളുണ്ട്. സഭയുടെ വളർച്ചയിൽ ഉരുത്തിരിഞ്ഞവയാണ് പ്രസ്തുത പാരമ്പര്യങ്ങൾ. അവ കാത്തുസൂക്ഷിക്കണമെന്നതാണ് സാർവത്രികസഭയുടെ നിലപാട്. ആരാധനക്രമമെന്നത് കുറേ പ്രാർത്ഥനകളുടെയും കർമ്മങ്ങളുടെയും സമുച്ചയം മാത്രമല്ല. പ്രാർത്ഥനകളും കർമ്മങ്ങളും പ്രാവർത്തികമാക്കുമ്പോൾ ഉണ്ടാകുന്ന അനുഭവംകൂടി ഉൾച്ചേരുന്നതാണ് ആരാധനക്രമം. ആരാധനക്രമാലാപനം ആരാധനക്രമാനുഭവത്തിന് നിർണ്ണായകമാണ്. അതുകൊണ്ട് ആരാധനക്രമാലാപനവും ആരാധനക്രമപാരമ്പര്യത്തോടൊപ്പം പരമ്പരാഗതമായി കൈമാറപ്പെടേണ്ടതാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമസംഗീതത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: "സാർവത്രികസഭയുടെ ആരാധനക്രമസംഗീതപാരമ്പര്യം വിലമതിക്കാൻ കഴിയാത്ത അമൂല്യമായ ഒരു നിധിയാണ്" (SC 112). സാർവത്രികസഭ എന്നു പറ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മൂഹവും മാറിമാറിയും, ആരാധനാസമൂഹം തന്നെ പ്രാർത്ഥിക്കുമ്പോൾ രണ്ടു ഗണമായും ആലാപനരീതിയിൽ ചൊല്ലുന്നതാണ് സഭ യുടെ പ്രാർത്ഥനാശൈലി. സമൂഹം ഒന്നിച്ചുള്ള ആലാപനത്തിന് സഹായിക്കുക മാത്രമാണ് ഗായകസംഘവും ഉപകരണങ്ങളും ചെയ്യേണ്ടത്. മാത്രമല്ല, സ്വരത്തിന്റെ ആരോഹണങ്ങളും അവരോഹണങ്ങളും നിശ്ചിത പരിധിയിലായതുകൊണ്ട് എല്ലാവർക്കും, ഗായകർക്കും അല്ലാത്തവർക്കും, ആലപിക്കുവാൻ സാധിക്കുന്നതാണ് ചാന്റ് രീതി. ഇപ്രകാരം ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്ന സമൂഹം ഹൃദയൈക്യമുള്ള സമൂഹമായി നിലനില്ക്കും.

## 4. സീറോ മലബാർ സഭയും ആരാധന ക്രമാലാപനവും

### 4.1. സുറിയാനി പാരമ്പര്യം

സുറിയാനി പാരമ്പര്യത്തിൽ ഒരേ ടെക്സ്റ്റുതന്നെയാണ് പ്രാർത്ഥനയായി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ചൊല്ലുന്നതും ആലപിക്കുന്നതും. എന്നാൽ മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ടപ്പോൾ സുറിയാനിയിൽ ആലപിക്കുന്ന രീതികൾ അതേപടി സ്വീകരിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. സുറിയാനിരീതിയിൽ പാടാവുന്ന പാട്ടുകൾക്ക് രൂപംകൊടുക്കുവാൻ ശ്രദ്ധിച്ചു. എന്നാൽ ഗദ്യം സുറിയാനിരീതിയിൽ ചൊല്ലുവാനുള്ള പരിശ്രമങ്ങളൊന്നും ഉണ്ടായില്ല. ഗദ്യം സുറിയാനിരീതിയിൽ മലയാളത്തിൽ ചൊല്ലുവാനുള്ള ബുദ്ധിമുട്ടുകൊണ്ടായിരിക്കണം അങ്ങനെ സംഭവിച്ചത്. ഗദ്യം ആലാപനരീതിയിൽ ചൊല്ലുക എന്നതാണ് ആരാധനക്രമാലാപനത്തിന്റെ പ്രത്യേകത. സുറിയാനിഭാഷയിൽനിന്നും മലയാളത്തിലേക്കു വിവർത്തനം ചെയ്യുമ്പോൾ പ്രാർത്ഥനയുടെ അർത്ഥം അതിന്റെ തനിമയിൽ സൂക്ഷിക്കപ്പെടുന്നത് ഗദ്യരൂപത്തിലാണല്ലോ. മലയാളത്തിൽ പദ്യരൂപത്തിലാക്കുമ്പോൾ പ്രാർത്ഥനകളുടെ അർത്ഥം കുറേയൊക്കെ നഷ്ടപ്പെടുക സ്വാഭാവികമാണ്.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ത്തോടെ ജീവിക്കുവാനും പ്രവർത്തിക്കുവാനും സഭാമക്കൾക്കെല്ലാം ഇതു സഹായകമാകുമെന്നതിന് സംശയമില്ല.

## 5. ആരാധനാസമൂഹവും ഗായകസംഘവും

### 5.1. ആരാധനാസമൂഹം: ഗായകസംഘം

ആരാധനാസമൂഹം മുഴുവനുമാണ് യഥാർത്ഥഗായകസംഘം എന്നു പറയാം. ആരാധനാസമൂഹമാകുന്ന ഗായകസംഘത്തെ പൊതുവേ സ്വർഗീയ ഗായകസംഘം, ഭൗമികഗായകസംഘം എന്നിങ്ങനെ രണ്ടായി തിരിച്ച് വിശേഷിപ്പിക്കുന്ന പാരമ്പര്യം സഭയിലുണ്ട്. മദ്ബഹായിലെ പുരോഹിതന്മാരും ശുശ്രൂഷികളും ചേർന്നതാണ് സ്വർഗീയ ഗായകസംഘം. ഗായകവേദിയിലെ ഗായകരും സമൂഹവേദിയിലെ വിശ്വാസികളും ചേർന്നു രൂപംകൊള്ളുന്നതാണ് ഭൗമികഗായകസംഘം. സ്വർഗീയഗണങ്ങളോടു ചേർന്നുള്ള ആരാധനയാണ് നാം നിർവഹിക്കുന്നത് എന്ന ബോധ്യത്തിൽനിന്നാണ്



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പാടിയും, ഹൃദയൈക്യത്തോടെ ആരാധനക്രമാഘോഷത്തിൽ പങ്കുചേരുവാൻ ആരാധനാസമൂഹത്തെ സഹായിക്കുക എന്നതാണ്. അതുകൊണ്ട് നമ്മുടെ സഭയിലെ ഗായകസംഘങ്ങൾക്കും അവശ്യം ലിറ്റർജിക്കൽ പരിശീലനം നല്കേണ്ടതുണ്ട് (SC 115). ലിറ്റർജിക്കൽ ചാന്റ് സഭാസമൂഹത്തിൽ നടപ്പിൽ വരുത്തുന്നതിനു നേതൃത്വം നല്കുവാൻ ഗായകസംഘങ്ങളുടെ സഹായത്തോടെ വൈദികസമൂഹം സന്നദ്ധമാകണം. സീറോ മലബാർസഭയിലെ ആരാധനക്രമാഘോഷത്തിന് നിയതമായ രൂപഭാവങ്ങൾ പകരുവാനും ആരാധനക്രമാദ്ധ്യാത്മികതയിൽ സഭാംഗങ്ങൾ വളരുവാനും ഇതു സഹായകമാകും.

### 6. ആരാധനക്രമാനുഭവം: സഭയുടെ വിശ്വാസാനുഭവം

വിശ്വാസമാണല്ലോ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. വിശ്വാസം ആരുടെയും സ്വകാര്യസ്വത്തല്ല; സഭയുടേതാണ്. മാമ്മോ



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദീസായിലൂടെ സഭയുടെ വിശ്വാസത്തിലേക്ക് നാം പ്രവേശിപ്പിക്കപ്പെടുകയാണ്. സഭയുടെ വിശ്വാസം അതിന്റെ തനിമയിൽ പ്രകടമാകുന്നത് സഭയുടെ ആരാധനക്രമാഘോഷത്തിലാണ്. അതുകൊണ്ടാണ് 'പ്രാർത്ഥനയുടെ നിയമം' 'വിശ്വാസത്തിന്റെ നിയമം' എന്ന് സഭാപിതാക്കന്മാർ പറഞ്ഞുവച്ചത്. അതുകൊണ്ട് സീറോമലബാർ സഭാംഗങ്ങളായ നാം, യഥാർത്ഥ വിശ്വാസജീവിതം നയിക്കുന്നവരാകണമെങ്കിൽ, സീറോ മലബാർ സഭയുടെ ആരാധനക്രമാഘോഷത്തിൽ ശരിയായവിധം പങ്കുചേരുന്നവരാകണം. അപ്രകാരം ആരാധനക്രമാഘോഷത്തിൽ പങ്കുചേരുവാൻ സിനഡ് അംഗീകരിച്ചിരിക്കുന്ന ഈ ആരാധനക്രമാലാപനം നമ്മെ സഹായിക്കും. അങ്ങനെ ആരാധനക്രമാലാപനത്തിലൂടെ ആരാധനക്രമാഘോഷത്തിൽ പങ്കുചേർന്ന് വിശ്വാസാനുഭവത്തിലും വിശ്വാസജീവിതത്തിലും വളരുവാൻ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ!



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam

Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org